(സി) ഉണ്ട്

6 (3459) സംയോജിത ഗ്രാമവികസന പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംയോജിത ഗ്രാമവികസന പരിപാടിയുടെ നടത്തിപ്പിൽ എന്തു നേട്ടം കൈവരിക്കാനായിട്ടുണ്ട്;

(ബി) എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നും എന്തു തുക ഇതിനായി വിനിയോഗിച്ചു എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംയോജിത ഗ്രാമവികസന പരിപാടിയുടെ നടത്തിപ്പിൽ കൈവരിച്ച നേട്ടങ്ങൾ താഴെ പറയുന്നു:

സംയോജിത ഗ്രാമവികസന പരിപാടിയിൻകീഴിൽ 1,32,717 കുടുംബങ്ങളെ സ്വയംതൊഴിൽ സംരംഭങ്ങളിലേർപ്പെടുന്നതിന് സഹായിക്കുകയും സംയോജിത ഗ്രാമവികസന പദ്ധതിയുടെ ഉപപദ്ധതികളായ ട്രൈസം പരിപാടി പ്രകാരം 11877 യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുകയും ഗ്രാമീണ വനിതാ ശിശു വികസന പരിപാടിയിൻ കീഴിൽ 3714 വനിത ഗ്രൂപ്പുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംയോജിത ഗ്രാമവികസന പദ്ധതിപ്രകാരം ആകെ 1,32,717 കുടുംബങ്ങൾക്ക് സഹായം ലഭിച്ചു. ഇതിൽ 48,474 കുടുംബങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്. ഇതിനായി 6535.78 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ട്രൈസം പദ്ധതിയനുസരിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 11877 യുവതീയുവാക്കൾക്ക് പരിശീലനം നൽകിയതിൽ 5109 പേർ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പരിശീലനം ലഭിച്ചവരിൽ 9838 പേർ സ്വയം/ വേതനാടിസ്ഥാനത്തിൽ തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഈ പരിപാടിക്ക് 437.26 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഗ്രാമീണ വനിതാശിശുവികസന പരിപാടിയിൻകീഴിൽ രൂപീകരിച്ച 3714 ഗ്രൂപ്പുകളിൽ 2852 ഗ്രൂപ്പുകൾ വരുമാനവർദ്ധനപ്രവൃത്തികൾ നല്ല രീതിയിൽ നടത്തുന്നുണ്ട്. ഈ പരിപാടിയിൻകീഴിൽ 727.48 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ ചെലവഴിക്കുകയുണ്ടായി.

7 (3460) സമഗ്ര ഗ്രാമവികസന പദ്ധതി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഗ്രാമവികസന പദ്ധതിപ്രകാരം ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായത്തിന്റെ വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു സാമ്പത്തികവർഷം എന്തു തുക നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ താലൂക്കാസ്ഥാനങ്ങളിലും അതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വയം തൊഴിൽ പദ്ധതിയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന പുതിയ പദ്ധതിയായ "സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന" പ്രകാരം പാവപ്പെട്ട ആളുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് വായ്പയും സർക്കാരിൽനിന്ന് ധനസഹായവും നൽകുന്നതാണ്. കൂടാതെ പരിശീലനം, സാങ്കേതികസഹായം, വിപണനസൗകര്യങ്ങൾ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയും ലഭിക്കുന്നതാണ്. ഗ്രൂപ്പടിസ്ഥാനത്തിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ടും ലഭ്യമാക്കും.

(ബി) സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന നടപ്പിലാക്കുന്നതിനായി നടപ്പു സാമ്പത്തികവർഷം കേന്ദ്ര സംസ്ഥാന വിഹിതമായി 25.50 കോടി രൂപ ലഭ്യമാക്കുന്നതാണ്.

(സി) സംസ്ഥാനതലത്തിൽ എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ കേരംസിന്റെ വിപണനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ഡി.എസ്. എം.എസ്. വിപണനകേന്ദ്രങ്ങളും തുടങ്ങാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) തത്ക്കാലം ഉദ്ദേശിക്കുന്നില്ല.

8 (3461) ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നബാർഡിൽനിന്നും ധനസഹായം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നബാർഡിൽനിന്നും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ എത്ര ഗ്രാമീണ റോഡുകൾ 1996-97, 1997-98 1998-99 എന്നീ വർഷങ്ങളിൽ പൂർത്തിയാക്കി എന്ന് വെളിപ്പെടുത്തുമോ; എത്ര റോഡുകളുടെ നിർമ്മാണമായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നബാർഡ് റോഡുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ടിൽനിന്നും ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് വായ്പ അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly